പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ.609

01.12.2015-ൽ മറുപടിയ്ക്ക്

## മലബാർ സിമന്റ്സ്

| ചോദ്യം | ഉത്തരം |
| --- | --- |
| പ്രൊഫ. സി.രവീന്ദ്രനാഥ്<br>ശ്രീ.എം.ചന്ദ്രൻ<br>,, വി.ചെന്താമരാക്ഷൻ<br>,, എം. ഹംസ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| **(എ)** പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സ് ഇന്നത്തെ നിലയിൽ തകർച്ചയ്ക്ക് കാരണമായത് അധികൃതരുടെ അനാസ്ഥയും കെടുകാര്യസ്ഥതയും അഴിമതിയുമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കമോ? | **(എ)** പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സ് യാതൊരുവിധ തകർച്ചയും നേരിടുന്നില്ല. കഴിഞ്ഞ കുറേ വർഷങ്ങളായി തുടർച്ചയായി ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് മലബാർ സിമന്റ്സ്. മലബാർ സിമന്റ്സിന്റെ ചേർത്തലയിലുള്ള ഗ്രൈന്റിംഗ് യൂണിറ്റ് കഴിഞ്ഞ മേയ് മാസത്തിൽ തുറന്നു പ്രവർത്തനം ആരംഭിച്ചു. ജീവനക്കാരുടെ എല്ലാ ആനുകൂല്യങ്ങളും നൽകിയതിനുശേഷവും കമ്പനി ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. മലബാർ സിമന്റ്സ് വിപുലീകരണത്തിന്റെ ഭാഗമായി തുടങ്ങുവാൻ ഉദ്ദേശിക്കുന്ന സിമന്റ് & മെറ്റീരിയൽ ഹാന്റ് ലിംഗ് ഹബ് കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ തുടങ്ങുവാനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.<br><br>മലബാർ സിമന്റ്സിൽ എല്ലാ പ്രൊക്യൂർമെന്റുകളും ഇ-ടെണ്ടർ വഴിയാണ് നടത്തുന്നത്. |
| **(ബി)** മുൻ സർക്കാരിന്റെ കാലത്ത് പുരോഗതിയിലായിരുന്ന പ്രസ്തുത സ്ഥാപനത്തെ ഇന്നത്തെ തകർച്ചയിൽ നിന്നും സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | **(ബി)** മലബാർ സിമന്റ്സ് തകർച്ചയെ നേരിടുന്നില്ല. 2006 മുതൽ 2011 വരെയുള്ള 5 വർഷക്കാലയളവിൽ 189.44 കോടി രൂപയാണ് മലബാർ സിമന്റ്സിന്റെ ലാഭം. (profit before tax and excluding provisions) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2011-2015 (4 വർഷം) കാലയളവിൽ 126.88 കോടി രൂപ ലാഭം കൈവരിക്കാൻ കഴിഞ്ഞു. രണ്ട് സിമന്റ് വേജ് റിവിഷനും, 2013 മുതൽ സർവ്വീസ് വെയിറ്റേജും നടപ്പിലാക്കുക വഴി ജീവനക്കാരുടെ ശമ്പളയിനത്തിലുണ്ടായിട്ടുള്ള അധിക സാമ്പത്തിക ബാദ്ധ്യതയുടെയും ഉത്പാദന ചിലവിൽ വന്നിട്ടുള്ള |

വർദ്ധനയുടെയും പശ്ചാത്തലത്തിലും കമ്പനി മികച്ച പ്രകടനമാണ് കാഴ്ചവച്ചിട്ടുള്ളത്. നടപ്പ് സാമ്പത്തിക വർഷം 52 കോടി രൂപയോളം ലാഭം പ്രതീക്ഷിക്കുന്നു.

**(സി)** പൊതുമേഖലാ സ്ഥാപനങ്ങൾ സംരക്ഷിച്ച് അഭിവൃദ്ധിയിലെത്തിക്കുന്നതിലുള്ള താല്പര്യമില്ലായ്മയാണ് മലബാർ സിമന്റ്സിന്റെ തകർച്ചയിലൂടെ വ്യക്തമാകുന്നതെന്ന പരാതിയിന്മേലുള്ള നിലപാട് വിശദമാക്കുമോ?

**(സി)** സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ സംരക്ഷിച്ച് അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നിരന്തര ശ്രമങ്ങളാണ് ഈ സർക്കാരിന്റെ ഭാഗത്തുനിന്നും സ്വീകരിച്ചുവരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരത്തിൽ പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നടപ്പിലാക്കിയ ദീർഘ / ഹ്രസ്വകാല പദ്ധതികൾക്ക് ഇതുവരെ ഏകദേശം 839.90 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ